പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*119

05/03/2020-ൽ മറുപടിയ്ക്ക്

**പൊതുവിദ്യാഭ്യാസ രംഗത്ത് കൈവരിച്ച നേട്ടം**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീമതി. വീണാ ജോർജ്ജ്**<br>**ശ്രീ. ജെയിംസ് മാത്യു**<br>**ശ്രീ. പുരുഷൻ കടലുണ്ടി**<br>**ശ്രീ. ഐ.ബി. സതീഷ്** | **പ്രൊഫ.സി.രവീന്ദ്രനാഥ്**<br>**(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) സ്കൂളുകളെ അടിസ്ഥാന സൗകര്യ രംഗത്ത് ലോകോത്തരമാക്കുകയും ഒപ്പം അക്കാദമിക രംഗത്തെ കാര്യക്ഷമമായ ഇടപെടൽ വഴി വൈജ്ഞാനികരംഗത്ത് മികവു കൈവരിക്കുകയും ചെയ്യുന്നതിനുള്ള ഈ സർക്കാരിന്റെ യത്നം യജ്ഞമായി മാറിയതിനെ തുടർന്ന് പൊതു വിദ്യാഭ്യാസത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ മുന്നിലെത്തി ഒന്നാം സ്ഥാനം കരസ്ഥമാക്കാനായിട്ടുണ്ടോ; | (എ) ഉണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ആദ്യത്തെ 2 വർഷത്തെ പ്രവർത്തനങ്ങൾ കേരളത്തെ ഒന്നാം സ്ഥാനത്ത് എത്തിച്ചതിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. 2019 സെപ്റ്റംബർ 30 ന് നീതി ആയോഗ് പുറത്തുവിട്ട സ്കൂൾ എഡ്യൂക്കേഷൻ ക്വാളിറ്റി ഇൻഡക്സ് എന്ന റിപ്പോർട്ട് പ്രകാരം വിദ്യാഭ്യാസ രംഗത്തെ മൊത്തം പ്രകടനം കണക്കാക്കി കേരളം ഒന്നാം സ്ഥാനത്താണ്. കേരളത്തിന് ലഭിച്ച സ്കോർ 82.2% ആണ്. 2016-17 അക്കാദമിക വർഷത്തെ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് ഈ സ്കോർ നൽകിയിരിക്കുന്നത്. അക്കാദമിക കാര്യങ്ങൾക്ക് പരിഗണിച്ചിരിക്കുന്നത് 2017-18 ൽ നടന്ന നാഷണൽ അച്ചീവ്മെന്റ് സർവ്വെ ആണ്. കൂടാതെ 2017-18 ൽ മാനവവിഭവശേഷിവികസന മന്ത്രാലയം തയ്യാറാക്കിയ പെർഫോമൻസ് ഗ്രേഡ് ഇൻഡക്സ് പ്രകാരം 801-850 സ്കോർ കിട്ടിയ മുൻനിരയിലുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. |
| (ബി) അക്കാദമിക മികവ് കൈവരിക്കുമ്പോൾ എല്ലാവരെയും ഉൾച്ചേർക്കുന്നതിന്റെ ഭാഗമായി വ്യക്തിപരവും കുടുംബപരവും സാമൂഹ്യപരവുമായ കാരണങ്ങളാൽ പഠനത്തിൽ പിന്നാക്കം നിൽക്കുന്നവരെക്കൂടി മുൻപന്തിയിലേക്കെത്തിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനം വിശദമാക്കാമോ; | (ബി) പല കാരണങ്ങളാൽ പഠന പ്രയാസം അനുഭവിക്കുന്നവരേയും പഠനത്തിൽ പിന്നാക്കം നിൽക്കുന്നവരേയും കൂടി മുൻപന്തിയിൽ എത്തിക്കുന്നതിന് നിരവധി പഠനപോഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. പഠന പിന്നോക്കാവസ്ഥ അഭിമുഖീകരിക്കുന്നതിനായി ശ്രദ്ധ, മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി, ഉല്ലാസ ഗണിതം, ഗണിതോത്സവം ഗണിതവിജയം, കുഞ്ഞുവായന, ശാസ്ത്രപാർക്ക് ശാസ്ത്ര കൗതുകം, ശാസ്ത്രപഥം , വായനാകാർഡുകൾ, ഭൂമിശാസ്ത്ര ലാബ്, എൽ.ഇ.പി ഇംഗ്ലീഷ്, പഠനോത്സവം തുടങ്ങി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. നൂതന ആശയ പ്രവർത്തനങ്ങളുടെ ഭാഗമായി ചരിത്ര ച്ചുമരുകൾ, സർഗ്ഗ വിദ്യാലയം, ജ്വാല, പ്രാദേശിക |

പ്രതിഭാ കേന്ദ്രങ്ങൾ, ഊരു വിദ്യാ കേന്ദ്രം , ശാലസിദ്ധി, ഇക്കോക്ലബ് എന്നിവയും നടപ്പിലാക്കി വരുന്നു. പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള ഉൾച്ചേരൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി മെഡിക്കൽ ക്യാമ്പ്, തെറാപ്പി സേവനങ്ങൾ, ഓട്ടിസം സെന്റർ, ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം, റിസോഴ്സ് അധ്യാപകരുടെ ശാക്തീകരണം, പഠന സഹായ വസ്തുക്കളുടെ നിർമ്മാണം, കാഴ്ചപരിമിതിയുള്ളവരുടെ പഠനസഹായ വസ്തുക്കളുടെ നിർമ്മാണം, പരിശീലന സാമഗ്രികൾ രൂപപ്പെടുത്തൽ, ചങ്ങാതിക്കൂട്ടം , ജൈവ വൈവിദ്ധ്യ ഉദ്ധ്യാനം , ഐഡിയൽ ലാബ്, രക്ഷാകർത്തൃ ശാക്തീകരണം തുടങ്ങിയ പ്രവർത്തനങ്ങളും നടത്തി വരുന്നു. ഒന്നാം ക്ലാസ്സിലെ ശ്രവണ പരിമിതികളുള്ള കുട്ടികൾക്ക് വേണ്ടി പാഠപുസ്തകവും അതിന്റെ അധ്യാപക സഹായിയും തയ്യാറാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | സംസ്ഥാനം കൈവരിച്ച നേട്ടത്തിന്റെ അംഗീകാരമെന്നവണ്ണം ലോകബാങ്ക് സഹായത്തോടെയുള്ള സ്റ്റാഴ്സ് പദ്ധതി സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ടോ; പദ്ധതിയെക്കുറിച്ച് അറിയിക്കാമോ? | (സി) | കേരളം കൈവരിച്ച നേട്ടത്തിന്റെ അംഗീകാരമായി ലോക ബാങ്ക് സഹായത്തോടെയുള്ള 'സ്റ്റാഴ്സ്' പദ്ധതി ഇന്ത്യയിലെ 6 സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്റ്റാഴ്സ് പദ്ധതി അനുസരിച്ച് ചുവടെ പറയുന്ന മേഖലകളിലാണ് സഹായം ലഭ്യമാകുന്നത് . |

1.പ്രീ-സ്കൂൾ ശാക്തീകരണവും നവീകരണവും
2.പഠന വിലയിരുത്തൽ സംവിധാനങ്ങളുടെ മെച്ചപ്പെടുത്തൽ
3.അദ്ധ്യാപകർക്കും പ്രഥമാദ്ധ്യാപകർക്കും ശാക്തീകരണ പരിപാടികൾ
4.വൊക്കേഷണൽ വിദ്യാഭ്യാസത്തിനുള്ള സഹായം
5.അധ്യാപക പരിവർത്തനത്തിലൂടെയും വിദ്യാലയ നേതൃത്വത്തിലൂടെയും ക്ളാസ് മുറികളിലെ ആശയവിനിമയം ശക്തിപ്പെടുത്തൽ
6.വിദ്യാഭ്യാസ നിർവ്വഹണവും ആസൂത്രണവും ശാക്തീകരിക്കൽ

ലോക ബാങ്ക് പദ്ധതി ബഡ്ജറ്റ് പ്രകാരം കേരളത്തിന് കേന്ദ്ര വിഹിതമായി 5 വർഷത്തേക്ക് 571.98 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന വിഹിതമായി 5 വർഷത്തേക്കായി 381.32 കോടി രൂപ സംസ്ഥാനം കണ്ടെത്തേണ്ടതുണ്ട്.

Namitha P

**സെക്ഷൻ ഓഫീസർ**